ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ശാന്തി നഗർ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം

**നം.എ.സി.ഡി /എസ്.പി.സി(2)/1041/ഇ.എ.പി/2012** **തീയതി:10/12/2012**

# <u>സർക്കുലർ</u>

**വിഷയം**: സി.ഇ മോണിട്ടറിംഗ് – 2012–13, 13.12.2012 (വ്യാഴാഴ്ച) ലെ അധ്യാപകരുടെ സബ്ജക്ട് തല യോഗം സംബന്ധിച്ച്

**സൂചന**: 06.12.2012, 07.12.2012 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

2012–13 ലെ തുടർ മൂല്യനിർണയത്തിന്റെ സ്കോർ പരിശോധിക്കുന്നതിനായി അധ്യാപകരുടെ ടീം രൂപീകരിക്കുന്നതിനുള്ള ജില്ലാതല സബ്ജക്ട് ഗ്രൂപ്പിന്റെ യോഗം ഡിസംബർ 13 വ്യാഴാഴ്ചയായിരിക്കും നടക്കുക.

<u>പ്രസ്തുത യോഗങ്ങളുടെ കേന്ദ്രം മുൻകാലങ്ങളിൽ ക്ലസ്റ്റർ പരിശീലനം നടന്ന സ്കൂളുകൾ തന്നെയായിരിക്കും</u>

ജില്ലാകോ–ഓർഡിനേറ്റർമാർ മുൻ ജില്ലാ കോ– ഓർഡിനേറ്റർമാരിൽ നിന്നും മുൻകാല ക്ലസ്റ്റർ പരിശീലന കേന്ദ്രങ്ങളുടെ പട്ടിക വാങ്ങി സൂക്ഷിക്കേണ്ടതും ആയവ അധ്യാപകരുടെ അറിവിലേക്കായി ജില്ലാതലത്തിൽ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരി ക്കേണ്ടതുമാണ്.

യോഗങ്ങൾ നടക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാർ പ്രവർത്തനങ്ങളുടെ സുഗ മമായ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി പ്രിൻസിപ്പൽമാർ യോഗത്തിൽ പങ്കെടുത്ത അധ്യാപകരുടെ പേരു വിവരം സൂക്ഷിക്കേണ്ടതും അറ്റൻഡൻസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതുമാണ്.

<u>യോഗങ്ങളുടെ സുഗമമായ നടത്തിപ്പിനായി 13.12.2012 ൽ റഗുലർ ക്ലാസ്സുകൾ ഉണ്ടാ യിരിക്കുന്നതല്ല.</u>

എല്ലാ അധ്യാപകരും കർശനമായും മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടു ക്കാത്ത അധ്യാപകരുടെ പേരു വിവരം അതത് പ്രിൻസിപ്പൽമാർ ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
**ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം)**
**ഇൻ ചാർജ്ജ് ഓഫ് ഡയറക്ടർ**